ഹദീസ്

ജഅ്ഫർ എളമ്പിലാക്കോട്

# സ്നേഹം നിറഞ്ഞൊരു പ്രാർഥന

عن أَبِي الدَّرداءِ (ر)  قَالَ: قَالَ رَسولُ اللَّهِ صَلَّى ٱللهُ عَلَيْهِ وَسَلَّمَ: كانَ مِن دُعاءِ دَاوُدَ  عَلَيْهِ السَّلَّام : "اللَّهُمَّ إِنِّي أَسْأَلُكَ حُبَّكَ، وَحُبَّ مَنْ يُحِبُّكَ، وَالعمَل الَّذِي يُبَلِّغُني حُبَّكَ، اللَّهُمَّ اجْعَلْ حُبَّكَ أَحَبَّ إِلَيَّ مِن نَفسِي، وأَهْلِي، ومِن الماءِ البارِدِ (روَاهُ الترمذيُّ وَقَالَ: حديثٌ حسنٌ)

**അബുദ്ദർദാഇ(റ)ൽനിന്ന്. നബി (സ) പറഞ്ഞു: ദാവൂദ് നബി(അ)യുടെ പ്രാർഥനകളിൽ ഒന്ന് ഇപ്രകാരമായിരുന്നു: 'അല്ലാഹുവേ, നിന്റെ സ്നേഹം ഞാൻ നിന്നോട് ചോദിക്കുകയാണ്. നിന്നെ സ്നേഹിക്കുന്നവരോടുള്ള സ്നേഹവും നിന്റെ സ്നേഹത്തിലേക്ക് എന്നെ വഴിനടത്തുന്ന കർമങ്ങളോടുള്ള സ്നേഹവും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നിന്നോടുള്ള പ്രിയം എന്റെ ജീവനേക്കാളും എന്റെ കുടുംബത്തേക്കാളും ശീതളമായ ജലത്തേക്കാളും എനിക്ക് നീ പ്രിയങ്കരമാക്കിത്തീർക്കേണമേ..!' ( തിർമിദി–3490, ബസ്സാർ – 4089, ഹാകിം– 3621 തുടങ്ങിയവർ ഉദ്ധരിച്ച ഈ തിരുവചനം 'ഹസൻ' ആണെന്ന് തിർമിദി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു).**

ദൈവസ്നേഹത്തെ കുറിച്ച് കൂടുതലായി സംസാരിച്ച പ്രവാചകനാണ് ദാവൂദ് നബി (അ). സൃഷ്ടികർത്താവായ അല്ലാഹുവിന്റെ അതിശയ ശക്തി മാഹാത്മ്യങ്ങളെ നിരന്തരമായി പ്രകീർത്തിക്കുകയും പുകഴ്ത്തുകയും ചെയ്യുമായിരുന്നു അദ്ദേഹം. കാവ്യ സുന്ദരമായ ഭാഷയിൽ ആ പ്രവാചകൻ നടത്തിയ അത്തരം മനോഹര വർണനകൾ 'സങ്കീർത്തനങ്ങൾ' എന്ന പേരിൽ ബൈബിൾ പഴയ നിയമത്തിൽ കാണാം. സ്നേഹനിധിയായ ദൈവത്തോടുള്ള പ്രണയപാരവശ്യങ്ങളാൽ ഹൃദയം നിറഞ്ഞുകവിയുന്ന വ്യത്യസ്തമായ ഒരു പ്രാർഥനാ ശകലമാണ് ചേതോഹരമായ ഈ തിരുവചനം.

അല്ലാഹുവിനെ ഭയപ്പെടുക എന്നതുപോലെ തന്നെ പ്രധാനമാണ് അല്ലാഹുവിനെ സ്നേഹിക്കുക എന്നതും. തന്നെ സൃഷ്ടിക്കുകയും തനിക്ക് ആവശ്യമായ മുഴുവൻ കാര്യങ്ങളും കലവറയില്ലാതെ തന്ന് അനുഗ്രഹിക്കുകയും ചെയ്ത തന്റെ യജമാനനോടുള്ള സ്നേഹാനുരാഗങ്ങൾ അടിമയുടെ ഹൃദയത്തിൽ സ്വാഭാവികമായി ഉണ്ടായിത്തീരേണ്ടതാണ്. കാരുണ്യവാനും ദയാനിധിയുമായ തന്റെ സ്രഷ്ടാവിനെ സ്നേഹിക്കാതിരിക്കാൻ എങ്ങനെയാണ് ഒരടിമക്ക് കഴിയുക! ഖുർആൻ ഓർമപ്പെടുത്തുന്നു: ''സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ'' (2:165).

അല്ലാഹുവെപ്പോലെ മറ്റൊന്നിനെയും അത്രമേൽ സ്നേഹിക്കാൻ പാടില്ലാത്തതാണ്. പരമവും നിരുപാധികവുമായ ഇഷ്ടം അവനു മാത്രം അവകാശപ്പെട്ടതാണ്. അത് മറ്റുള്ളവർക്കായി പങ്കുവെച്ചുകൊടുക്കുക എന്നത് സ്രഷ്ടാവിനോടുള്ള കടുത്ത നന്ദികേടും ഇസ്‌ലാം കഠിനമായി വിലക്കിയ ബഹുദൈവ വിശ്വാസവുമാണ്. അല്ലാഹു പറയുന്നു: ''അല്ലാഹുവിനു പുറമെ ഇതരരെ അവന് സമന്മാരാക്കിവെച്ച ചിലർ ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ ഈ ആളുകളെയും സ്നേഹിച്ചുകൊണ്ടിരിക്കുന്നു'' (2:165).

ഒരാളോട് നിഷ്കളങ്ക സ്നേഹമുണ്ടാകുമ്പോഴാണ് അയാളെ അനുസരിക്കാനും അയാളുടെ അഭീഷ്ടങ്ങൾ പൂർത്തീകരിച്ചുകൊടുക്കാനും മറ്റൊരാൾ തയാറാവുക. സ്നേഹഭാജനത്തിന്റെ ഏത് കൽപനകളും അനുസരിക്കാനും എത്ര വലിയ പ്രയാസങ്ങളും ഹൃദയപൂർവം ഏറ്റെടുക്കാനും അപ്പോൾ അയാൾക്ക് പ്രയാസമുണ്ടാവുകയില്ല. അല്ലാഹുവിന്റെ കാര്യത്തിലും ഇതങ്ങനെ തന്നെയാണ്. അതുകൊണ്ടാണ് ഇമാം ഇബ്നുൽ ഖയ്യിം ഇപ്രകാരം എഴുതിയത്: 'മഹോന്നതനായ അല്ലാഹുവിലേക്കുള്ള വിശ്വാസിയുടെ ഹൃദയയാത്ര ഒരു പക്ഷിയുടേതിനു തുല്യമാണ്. സ്നേഹമാണ് അതിന്റെ ശിരസ്സ്. ഭയവും പ്രതീക്ഷയും അതിന്റെ രണ്ടു ചിറകുകളാണ്. ശിരസ്സും ചിറകുകളും സുശക്തമായിരിക്കുവോളം പക്ഷിയുടെ പറക്കലും സുഗമമായിരിക്കും. ശിരസ്സറ്റാൽ പക്ഷി ചത്തുവീഴും. ചിറകുകളാണ് നഷ്ടപ്പെടുന്നതെങ്കിൽ പിന്നെ ഏത് വേടനും അതിനെ വേട്ടയാടാം.'

ദൈവസ്നേഹം ഹൃദയത്തിൽ നിറഞ്ഞുതുടങ്ങിയാൽ എപ്രകാരമാണ് ആരാധനകളും അനുഷ്ഠാന കർമങ്ങളും ഭാരരഹിതമായിത്തീരുന്നതെന്നും വിശ്വാസിയുടെ അകത്തളങ്ങളിൽ ആനന്ദദായകമായ മാധുര്യം നിറയുന്നതെന്നും നബി(സ) ഒരു ഹദീസിൽ വ്യക്തമാക്കുന്നുണ്ട്. അവിടുന്ന് പറഞ്ഞു: 'മൂന്നു സംഗതികൾ ആരുടെ ജീവിതത്തിൽ ഉണ്ടായിത്തീർന്നോ അവൻ ഈമാനിന്റെ മാധുര്യം ആസ്വദിക്കുന്നതാണ്. അല്ലാഹുവും അവന്റെ റസൂലും മറ്റാരേക്കാളും അവന്ന് പ്രിയപ്പെട്ടവരാവുക, അല്ലാഹുവിന്റെ പ്രീതിക്കു വിധേയമായിട്ടല്ലാതെ മറ്റൊരാളെയും സ്നേഹിക്കാതിരിക്കുക, തീയിലേക്ക് എടുത്തെറിയപ്പെടുന്നതിനെ എത്ര കണ്ട് വെറുക്കുന്നുവോ അത്ര കണ്ട് കുഫ്റിലേക്ക് തിരിച്ചുപോകുന്നതിനെ വെറുക്കുക; ഇവയാണത്' (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിനെ സ്നേഹിക്കുക എന്നാൽ അവന്റെ സൃഷ്ടിജാലങ്ങളെ കൂടി സ്നേഹിക്കുക എന്നാണർഥം. സ്ര

ഷ്ടാവിനോടുള്ള ഇഷ്ടത്തിന്റെ തന്നെ പൂർത്തീകരണമാണത്. അല്ലാഹുവിനെ മാത്രം സ്നേഹിച്ചും ആരാധിച്ചും സൃഷ്ടികളിൽനിന്നകന്ന് ഏതെങ്കിലും മഠങ്ങളിലോ ആരാധനാലയങ്ങളിലോ ചടഞ്ഞുകൂടിയിരിക്കേണ്ടവനല്ല വിശ്വാസി. അതുകൊണ്ടാണ് അല്ലാഹുവിനോടുള്ള ഇഷ്ടത്തോടൊപ്പം അത്രതന്നെ പ്രാധാന്യത്തോടെ അവനെ സ്നേഹിക്കുന്ന പ്രപഞ്ചത്തിലെ സർവ ചരാചരങ്ങളോടുമുള്ള ഇഷ്ടത്തെ അവൻ അല്ലാഹുവിനോട് ചോദിക്കുന്നത്.

കർമമില്ലാത്ത സ്നേഹം കപടമാണ്. അനുസരണമില്ലാത്ത ഇഷ്ടം അർഥശൂന്യവും. അതിനാൽ തന്നെ അല്ലാഹുവിനോടുള്ള നിറഞ്ഞ സ്നേഹത്തെ അവൻ പഠിപ്പിച്ചുതന്ന ഇഷ്ടകർമങ്ങളിലൂടെയല്ലാതെ പൂർത്തീകരിക്കാൻ സാധ്യമല്ല. ആ കർമ്മങ്ങളോടുള്ള താൽപര്യവും അനുരാഗവും ഹൃദയത്തിൽ ഉത്ഭൂതമാവലാണ് അതിനുള്ള എളുപ്പവഴി. നന്മകൾ ധാരാളമായി നിർവഹിക്കാനും തെറ്റുകുറ്റങ്ങളിൽനിന്ന് മാറി നടക്കാനും അത് അനിവാര്യമത്രെ. പത്നി ആഇശ(റ)യെ പ്രവാചകൻ (സ) പഠിപ്പിച്ച ഒരു പ്രാർഥന ഇപ്രകാരമാണ്: 'അല്ലാഹുവേ, സ്വർഗം ഞാൻ നിന്നോട് ചോദിക്കുകയാണ്; അപ്രകാരം അതിലേക്കെന്നെ നയിക്കുന്ന വാക്കുകളും പ്രവർത്തനങ്ങളും ഞാൻ ചോദിക്കുന്നു. നരകാഗ്നിയിൽനിന്ന് നിന്നിൽ ഞാൻ രക്ഷ തേടുന്നു; അപ്രകാരം തന്നെ അതിലേക്കെന്നെ കൊണ്ടെത്തിക്കുന്ന വാക്കുകളിൽനിന്നും കർമങ്ങളിൽനിന്നും ഞാൻ അഭയം തേടുന്നു' (ഇബ്നുമാജ).

'ദൈവത്തോടുള്ള ഇഷ്ടം ശീതളജലത്തേക്കാൾ പ്രിയങ്കരമാക്കണേ' എന്നൊരു വാക്യം ഹദീസിന്റെ അവസാനത്തിലുണ്ട്. മരുഭൂമിയിൽ, കഠിന വേനൽച്ചൂടിൽ ഉരുകുന്നവർക്ക് ഇതിന്റെ അർഥം എളുപ്പത്തിൽ മനസ്സിലാകും. ദാഹാർത്തനായ ഒരു മനുഷ്യന്റെ തൊണ്ടയിൽ വീഴുന്ന തണുത്ത ജലം അയാൾക്ക് അത്രമേൽ പ്രിയങ്കരമായിരിക്കുമല്ലോ. അതിനേക്കാൾ അല്ലാഹുവിനോടുള്ള സ്നേഹം പ്രിയപ്പെട്ടതാവുമ്പോഴാണ് ഒരാളുടെ വിശ്വാസം ശരിയായ അർഥത്തിൽ പൂർത്തീകരിക്കപ്പെടുക.

അല്ലാഹുവിനോടും അവന്റെ ഇഷ്ടക്കാരോടുമുള്ള അനവദ്യസുന്ദരമായ ഈ പ്രണയം ഹൃദയത്തിൽ നിത്യമായി നിലനിൽക്കാൻ അല്ലാഹുവിനോട് തന്നെ പ്രാർഥിക്കുന്നു എന്നതാണ് ഈ തിരുവചനത്തിലെ കൗതുകം. ചില തിരിച്ചറിവുകൾ വ്യക്തിയിലും സമൂഹത്തിലും ഉണ്ടായിത്തീരണമെങ്കിൽ കരുണാവാരിധിയായ ദൈവം തമ്പുരാൻ തന്നെ കനിഞ്ഞരുളേണ്ടതുണ്ടെന്ന പരോക്ഷപാഠം കൂടി അതിൽ ഉള്ളടങ്ങിക്കിടക്കുന്നുണ്ട്. ●

+966 53 069 8997